"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരഫെഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുവരെ അടിസ്ഥാന ശമ്പളത്തിന്റെ **10%** ഇടക്കാലാശ്വാസമായി അനുവദിച്ച കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ടും ഉത്തരവാകുന്നു.

---

**കൃഷി (ഐഎഫ്എ) വകുപ്പ്**

സ.ഉ.(കൈ) നം.**67/2023/AGRI** തീയതി, തിരുവനന്തപുരം, **24-07-2023**

---

പരാമർശം:- 1. **21.12.2020**-ലെ സ.ഉ(കൈ)നം.**96/2020**/കൃഷി.

2. **10.02.2021**-ലെ സ.ഉ(പി)നം.**27/2021**/ധന.

3. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ **01.12.2021**-ലെ **2559**/എ.ഡി.എം-**2/2021**/കെ.എഫ്.ഡി/**684** നമ്പർ നടപടിക്രമം.

4. **30.08.2022**-ലെ സ.ഉ(കൈ)നം.**77/2022**/കൃഷി.

5. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ **29.09.2022**-ലെ **1323**/എഡിഎം-**1/2021**/കെഎഫ്ഡി/**934** നമ്പർ കത്ത്.

6. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ **12.12.2022**-ലെ **2548** എഡിഎം-**1/2021**/കെ.എഫ്.ഡി/**1227** നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് അനുസൃതമായാണ് സഹകരണ അപെക്സ് ഫെഡറേഷനായ കേരഫെഡിൽ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം അനുവദിച്ചുവരുന്നത്. **01.07.2014** തീയതി പ്രാബല്യത്തിലുള്ള **10**-ാം ശമ്പള പരിഷ്കരണം വരെ കേരഫെഡ് ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കി പിന്നീട് സർക്കാർ സാധൂകരണം തേടുകയാണുണ്ടായിട്ടുള്ളത്. എല്ലാ സാധൂകരണ ഉത്തരവുകളിലും ഭാവിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പളപരിഷ്കരണം നടപ്പിലാക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടും പത്താം ശമ്പള പരിഷ്കരണം വരെ അത് പാലിക്കപ്പെട്ടില്ല.

2. പരാമർശം (2) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും **01.07.2019** പ്രാബല്യത്തിൽ നടപ്പിലാക്കിയ പതിനൊന്നാം ശമ്പള പരിഷ്കരണം കേരഫെഡിൽ നടപ്പിലാക്കാത്തതിനെതിരെ കേരഫെഡിലെ ജീവനക്കാർ **05.10.2021** മുതൽ അനിശ്ചിതകാല സമരം നടത്തിയിരുന്നു. പ്രസ്തുത സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കൃഷി വകുപ്പ് മന്ത്രി **29.10.2021**-ൽ കേരഫെഡ് മാനേജ്മെന്റ്-യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പത്താം ശമ്പള പരിഷ്കരണം സാധൂകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിനും അതോടൊപ്പം പതിനൊന്നാം ശമ്പള പരിഷ്കരണത്തിന് അനുവാദം തേടിക്കൊണ്ടുള്ള പ്രപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി മാനേജ്മെന്റ് സ്വീകരിക്കുവാനും, പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതുവരെ ഇടക്കാലാശ്വാസം **(Interim Relief)** അനുവദിക്കുവാൻ ഭരണസമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാന ശമ്പളത്തിന്റെ **10%** ഇടക്കാലാശ്വാസമായി അനുവദിച്ചുകൊണ്ടും, **2021** മാർച്ച് മുതലുള്ള കുടിശ്ശിക നൽകുന്നതിനും, പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ടി തുക

ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുമെന്ന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം കേരഫെഡ് മാനേജിംഗ് ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

3. കേരഫെഡിൽ നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്കരണത്തിന് പരാമർശം (4) പ്രകാരം സാധൂകരണം നൽകിയിരുന്നു. തുടർന്ന്, പത്താം ശമ്പളപരിഷ്കരണത്തിലെ ചില അനോമലികൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും കേരഫെഡ് മാനേജിംഗ് ഡയറക്ടർ യഥാക്രമം പരാമർശം (5), (6) കത്തുകൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കേരഫെഡ് തനത് ഫണ്ടിൽ നിന്നുമാണ് ശമ്പളാനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നതെന്നും, 2013-14 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ (2016-17 ഒഴികെ) പ്രവർത്തന ലാഭം നേടിയിട്ടുണ്ടെന്നും, പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടെ പ്രതിമാസം 13,65,704/-രൂപയുടെ (പതിമൂന്ന് ലക്ഷത്തി അറുപത്തയ്യായിരത്തി എഴുന്നൂറ്റിനാല് രൂപ മാത്രം) അധിക സാമ്പത്തിക ബാധ്യതയാണ് പ്രതീക്ഷിക്കുന്നതെന്നും കേരഫെഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരഫെഡിന് പത്താം ശമ്പളപരിഷ്കരണം അനുവദിച്ചപ്പോൾ Manager, Accountant, Confidential Assistant Gr-II, Typist, Driver, Electrician, Boiler Attendant, Welder, Fireman, Casual Technician എന്നീ തസ്തികകൾക്ക് കുറഞ്ഞ ശമ്പളസ്കെയിലുകളാണ് അനുവദിച്ചതെന്നും ടി തസ്തികകൾക്ക് ഉയർന്ന ശമ്പളസ്കെയിലുകൾ അനുവദിച്ച് നൽകണമെന്നും കേരഫെഡ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. മേൽ തസ്തികകൾക്ക് പരാമർശം (1) പ്രകാരം അനുവദിച്ച് നൽകിയ ഒൻപതാം ശമ്പളസ്കെയിലുകൾക്ക് ആനുപാതികമായിട്ടുള്ള പത്താം ശമ്പളസ്കെയിലുകൾ തന്നെയാണ് പരാമർശം (4) പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതെന്നതിനാൽ മേൽ തസ്തികകളുടെ ശമ്പളസ്കെയിലുകൾ സംബന്ധിച്ച് അനോമലിയൊന്നും തന്നെയില്ല. അതിനാൽ പ്രസ്തുത തസ്തികകളുടെ പത്താം ശമ്പളസ്കെയിലുകൾ ഉയർത്തി നൽകേണ്ട ആവശ്യകതയില്ല. സർക്കാർ അനുമതിയില്ലാതെ പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കുന്നത് വരെ അടിസ്ഥാന ശമ്പളത്തിന്റെ 10% പരാമർശം (3) പ്രകാരം ഇടക്കാലാശ്വാസമായി (Interim Relief) അനുവദിച്ച് നൽകിയ കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകേണ്ടതായും കാണുന്നു.

5. മേൽ സാഹചര്യത്തിൽ, കേരഫെഡിൽ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുവരെ സർക്കാർ അനുമതിയില്ലാതെ അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാലാശ്വാസമായി അനുവദിച്ച കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി, ഇടക്കാല ആശ്വാസമായി അനുവദിച്ച തുക ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും കിഴിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ സാധൂകരിച്ചുകൊണ്ടും, കേരഫെഡിന്റെ പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ട താഴെപ്പറയുന്ന തസ്തികകൾക്ക് അതിന് നേരെ രേഖപ്പെടുത്തിയ ശമ്പള സ്കെയിലുകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി കേരഫെഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ 01.07.2019 പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| Sl. No | Name of Post | Existing Scale of Pay (10th Pay Revision) | Revised Scale of Pay (11th Pay Revision) |
|---|---|---|---|
| 1 | Director | 85000-117600 | 118100-163400 |
| 2 | Manager | 55350-101400 | 77200-140500 |

| | | | |
|---|---|---|---|
| 3 | Deputy Manager | 45800-89000 | 63700-123700 |
| 4 | Assistant Manager | 40500-85000 | 56500-118100 |
| 5 | Assistant Executive Engineer | 40500-85000 | 56500-118100 |
| 6 | Shift-in-charge | 35700-75600 | 50200-105300 |
| 7 | Confidential Assistant Grade- I | 26500-56700 | 37400-79000 |
| 8 | Computer Programmer | 26500-56700 | 37400-79000 |
| 9 | Accountant | 25200-54000 | 35600-75400 |
| 10 | Analyst | 22200-48000 | 31100-66800 |
| 11 | Operator | 22200-48000 | 31100-66800 |
| 12 | Comp. Console Operator | 20000-45800 | 27900-63700 |
| 13 | C.A.Grade.II | 20000-45800 | 27900-63700 |
| 14 | Cashier | 18000-41500 | 25100-57900 |
| 15 | LDC | 18000-41500 | 25100-57900 |
| 16 | LD Typist | 18000-41500 | 25100-57900 |
| 17 | Driver | 18000-41500 | 25100-57900 |
| 18 | Electrician | 17500-39500 | 24400-55200 |
| 19 | Boiler Attendant | 17500-39500 | 24400-55200 |
| 20 | Welder | 17500-39500 | 24400-55200 |
| 21 | Fireman | 16500-35700 | 23000-50200 |
| 22 | Peon | 16500-35700 | 23000-50200 |

| | | | |
|---|---|---|---|
| 23 | Sweeper Part-time | 9340-14800 | 13000-21080 |
| 24 | Casual Technician | 17000-37500 | 23700-52600 |
| 25 | Casual Worker | 16500-35700 | 23000-50200 |

<u>**നിബന്ധനകൾ**</u>

1. ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി 01.07.2019 ആയിരിക്കും. അനുവദനീയമായിട്ടുള്ള അലവൻസുകളുടെ പ്രാബല്യത്തീയതി 01.03.2021 ആയിരിക്കും.
2. നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2019-ലെ ക്ഷാമബത്ത പൂജ്യവുമായിരിക്കും. ക്ഷാമബത്ത നിരക്കുകൾ പരാമർശം (2)-ലെ ഖണ്ഡിക 11 പ്രകാരമായിരിക്കും.
3. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടേത് ഒഴികെയുള്ളവരുടെ ശമ്പളനിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ പരാമർശം (2)-ലെ അനക്സർ II പ്രകാരമായിരിക്കും. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളനിർണ്ണയം പരാമർശം (2)-ലെ അനക്സർ VII പ്രകാരമായിരിക്കും.
4. വീട്ടുവാടക ബത്ത പരാമർശം (2)-ന്റെ ഖണ്ഡിക 12, 13, 14 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്.
5. 01.03.2021 മുതൽ CCA അനുവദനീയമല്ല. പ്രസ്തുത തീയതിക്ക് ശേഷവും CCA അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.
6. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡിന്റെ പ്രാബല്യത്തീയതി 01.04.2021 ആയിരിക്കും. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (2)-ന്റെ അനക്സർ VI-ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
7. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് പരാമർശം (2)-ന്റെ ഖണ്ഡിക 8-ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കേണ്ടതാണ്.
8. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രതിമാസം 1100 രൂപ സ്പെഷ്യൽ അലവൻസായി അനുവദിക്കാവുന്നതാണ്.
9. ശാരീരികമായോ മാനസികമായോ ഭിന്നശേഷിക്കാരായ, ജനറൽ സ്കൂളുകളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന, കുട്ടികളുടെ രക്ഷാകർത്താക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000 രൂപ വിദ്യാഭ്യാസ അലവൻസായി അനുവദിക്കാവുന്നതാണ്
10. മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകളോ മറ്റ് ആനുകൂല്യങ്ങളോ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
12. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്തുവാൻ പാടില്ല.
13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.
14. ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നാക്ക സമുദായക്കാർ, പട്ടികജാതി

പട്ടികവർഗ്ഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

15. ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
16. ശമ്പള പരിഷ്കരണത്തിനാവശ്യമായ അധിക സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഈയിനത്തിൽ സർക്കാർ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.
17. സർക്കാർ അനുമതിയില്ലാതെ ഇടക്കാല ആശ്വാസം അനുവദിച്ച് നൽകാൻ പാടുള്ളതല്ല. ഇടക്കാല ആശ്വാസം അനുവദിച്ച തുക ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും കിഴിക്കേണ്ടതാണ്.
18. സർക്കാർ അനുമതിയില്ലാതെ ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കാൻ പാടുള്ളതല്ല. ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനിക്കുന്നതായിരിക്കും.
19. EPF ചട്ടങ്ങൾക്കനുസൃതമായ എംപ്ലോയർ വിഹിതം മാത്രമേ ടി സ്കീമുകളിൽ നിക്ഷേപിക്കാൻ പാടുള്ളൂ.
20. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിലുണ്ടാകുന്ന പാകപ്പിഴകൾക്ക് കേരഫെഡ് എം.ഡി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
**PRINCIPAL SECRETARY & APC**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, തിരുവനന്തപുരം.
സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (26.05.2023-ലെ U.O(R)നം.44602/PU-B2/34/2017-FIN പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ് (12.07.2023-ലെ ഇനം നം.1643 പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കൃഷി (പി.യു) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
പകർപ്പ്:- ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോൽപാദന കമ്മിഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 25-07-2023 10:48:35

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-07-2023

ഫയൽ നം. അഗ്രി-ഐ.എഫ്.എ.1/228/2022/അഗ്രി. ഇനം നം: 1643

വിഷയം : കൃഷി വകുപ്പ് - കേരഫെഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | അഗ്രി-ഐ.എഫ്.എ 1/228/2022-അഗ്രി. |
| 2 | വകുപ്പ് | കൃഷി (ഐ.എഫ്.എ) വകുപ്പ്. |
| 3 | വിഷയം | കൃഷി വകുപ്പ് - കേരഫെഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.06.2023 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ജെസ്സി ജോർജ്ജ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. ബി. അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 03.07.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.07.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11.07.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.07.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 12.07.2023 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | സ.ഉ. (കൈ) നം. 67/2023/കൃഷി<br>തീയതി 24.07.2023 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സഹകരണ അപെക്സ് ഫെഡറേഷനായ കേരഫെഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നടപ്പിലാക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് അനുസൃതമായാണ് സഹകരണ അപെക്സ് ഫെഡറേഷനായ കേരഫെഡിൽ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം അനുവദിച്ചുവരുന്നത്. 01.07.2014 തീയതി പ്രാബല്യത്തിലുള്ള 10-ാം ശമ്പള പരിഷ്കരണം വരെ കേരഫെഡ് ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കി പിന്നീട് സർക്കാർ സാധൂകരണം തേടുകയാണുണ്ടായിട്ടുള്ളത്. എല്ലാ സാധൂകരണ ഉത്തരവുകളിലും ഭാവിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പളപരിഷ്കരണം നടപ്പിലാക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടും പത്താം ശമ്പള പരിഷ്കരണം വരെ അത് പാലിക്കപ്പെട്ടില്ല.

3. 10.02.2021-ലെ സ.ഉ (പി) നം.27/2021/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 01.07.2019 പ്രാബല്യത്തിൽ നടപ്പിലാക്കിയ പതിനൊന്നാം ശമ്പള പരിഷ്കരണം കേരഫെഡിൽ നടപ്പിലാക്കാത്തതിനെതിരെ കേരഫെഡിലെ ജീവനക്കാർ 05.10.2021 മുതൽ അനിശ്ചിതകാല സമരം നടത്തിയിരുന്നു. പ്രസ്തുത സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കൃഷി വകുപ്പ് മന്ത്രി 29.10.2021-ൽ കേരഫെഡ് മാനേജ്മെന്റ്-യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പത്താം ശമ്പള പരിഷ്കരണം സാധൂകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിനും അതോടൊപ്പം പതിനൊന്നാം ശമ്പള പരിഷ്കരണത്തിന് അനുവാദം തേടിക്കൊണ്ടുള്ള പ്രപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി മാനേജ്മെന്റ് സ്വീകരിക്കുവാനും, പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതുവരെ ഇടക്കാലാശ്വാസം

(Interim Relief) അനുവദിക്കുവാൻ ഭരണസമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാലാശ്വാസമായി അനുവദിച്ചുകൊണ്ടും, 2021 മാർച്ച് മുതലുള്ള കുടിശ്ശിക നൽകുന്നതിനും, പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ടി തുക ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുമെന്ന വ്യവസ്ഥയിൽ 01.12.2021-ലെ 2559/എ.ഡി.എം-2/2021/കെ.എഫ്.ഡി/684 നമ്പരായി കേരഫെഡ് മാനേജിംഗ് ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

4. കേരഫെഡിൽ നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്കരണത്തിന് 30.08.2022-ലെ സ.ഉ(കൈ)നം.77/2022/കൃഷി പ്രകാരം സാധൂകരണം നൽകിയിരുന്നു. തുടർന്ന്, പത്താം ശമ്പളപരിഷ്കരണത്തിലെ ചില അനോമലികൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും കേരഫെഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കേരഫെഡ് തനത് ഫണ്ടിൽ നിന്നുമാണ് ശമ്പളാനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നത്. 2013-14 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ (2016-17 ഒഴികെ) പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. ഈ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടെ പ്രതിമാസം 13,65,704/- രൂപയുടെ (പതിമൂന്ന് ലക്ഷത്തി അറുപത്തയ്യായിരത്തി എഴുന്നൂറ്റി നാല് രൂപ മാത്രം) അധിക സാമ്പത്തിക ബാധ്യതയാണ് പ്രതീക്ഷിക്കുന്നത്.

5. കേരഫെഡ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"കേരഫെഡിന്റെ ശമ്പള പരിഷ്കരണം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഭരണ വകുപ്പിനെ അറിയിക്കുന്നു.

1) 23.06.2008 -ലെ സ.ഉ (കൈ) നം.102/08/കൃഷി ഉത്തരവ് പ്രകാരം കേരഫെഡ് കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളിൽ ജോലി ചെയ്യുന്ന 20 കാഷ്വൽ ടെക്നീഷ്യൻമാരെയും 123 കാഷ്വൽ വർക്കർമാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 23.06.2008

-ലെ ഉത്തരവ് പ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാഷ്വൽ ടെക്നീഷ്യൻ, കാഷ്വൽ വർക്കർ എന്നീ തസ്തികകൾ യഥാക്രമം ടെക്നീഷ്യൻ, വർക്കർ എന്നിങ്ങനെ പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. കേരഫെഡിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് കൊണ്ടുള്ള 25.01.2020 -ലെ ഉത്തരവിൽ Casual Technician, Casual Worker എന്നീ തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പത്താം ശമ്പളപരിഷ്കരണം സാധൂകരിച്ച് നൽകിക്കൊണ്ടുള്ള ഉത്തരവിൻ പ്രകാരം ടി തസ്തികകൾക്ക് ശമ്പളസ്കെയിൽ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. 23.06.2008 -ലെ സ.ഉ (കൈ) നം.102/08/കൃഷി ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കപ്പെട്ട കാഷ്വൽ ടെക്നിഷ്യൻ, കാഷ്വൽ വർക്കർ എന്നീ തസ്തികകൾക്ക് 21.12.2020 -ലെ സ.ഉ. (കൈ) നം.96/2020/കൃഷി പ്രകാരം ഒൻപതാം ശമ്പളപരിഷ്കരണം അനുവദിച്ച് നൽകിയിരുന്നു. ഒൻപതാം ശമ്പളപരിഷ്കരണത്തിന് ശേഷം കേരഫെഡിൽ തസ്തികകൾ നിർത്തലാക്കിയിട്ടില്ല എന്നതിനാൽ ടി തസ്തികകൾക്ക് പത്താം ശമ്പളപരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി തസ്തികകൾ യഥാക്രമം ടെക്നീഷ്യൻ, വർക്കർ എന്നിങ്ങനെ പുനർനാമകരണം ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ച് നൽകേണ്ടതില്ല എന്നറിയിക്കുന്നു.

2) കേരഫെഡിന്റെ പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ നിയമന ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള Junior Manager, Assistant, Personal Assistant എന്നീ തസ്തികകൾക്കും നിയമന ചട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത Receptionist cum Telephone Operator-1, Attender, Sweeper എന്നീ തസ്തികകൾക്കും കേരഫെഡ് എം.ഡി ശമ്പളപരിഷ്കരണം ആവശ്യപ്പെട്ടിട്ടുണ്ട്. ടി തസ്തികകൾ സൃഷ്ടിച്ച് നൽകിക്കൊണ്ടുള്ള ഉത്തരവുകളോ ടി തസ്തികകൾ സൃഷ്ടിച്ചപ്പോൾ സർക്കാർ അനുവദിച്ച ശമ്പളസ്കെയിലുകൾ സംബന്ധിച്ച വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രം ടി തസ്തികകൾക്ക് ശമ്പളപരിഷ്കരണം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

3) കേരഫെഡിന് പത്താം ശമ്പളപരിഷ്കരണം അനുവദിച്ചപ്പോൾ Manager, Accountant, Confidential Assistant Gr-II, Typist, Driver, Electrician, Boiler Attendant, Welder, Fireman, Casual Technician എന്നീ തസ്തികകൾക്ക് കുറഞ്ഞ ശമ്പളസ്കെയിലുകളാണ് അനുവദിച്ചതെന്നും ടി തസ്തികകൾക്ക് ഉയർന്ന ശമ്പളസ്കെയിലുകൾ അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ തസ്തികകൾക്ക് 21.12.2020 -ലെ സ.ഉ. (കൈ) നം.96/2020/കൃഷി പ്രകാരം അനുവദിച്ച് നൽകിയ ഒൻപതാം ശമ്പളസ്കെയിലുകൾക്ക് ആനുപാതികമായിട്ടുള്ള പത്താം ശമ്പളസ്കെയിലുകൾ തന്നെയാണ് 30.08.2022 -ലെ സ.ഉ (കൈ) നം.77/2022/കൃഷി പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതെന്നതിനാൽ മേൽ തസ്തികകളുടെ ശമ്പളസ്കെയിലുകൾ സംബന്ധിച്ച് അനോമലിയൊന്നും തന്നെയില്ല. ആയതിനാൽ ടി തസ്തികകളുടെ പത്താം ശമ്പളസ്കെയിലുകൾ ഉയർത്തി നൽകേണ്ടതില്ല.

4) കേരഫെഡിന്റെ സുഗമവും കാര്യക്ഷമവും ആയ പ്രവർത്തനങ്ങൾക്കു വേണ്ടി നിലവിലുള്ള Office Manager, Lower Division Clerk, Cashier, Receplionist-cum-Telephone Operator എന്നീ തസ്തികകൾ 07/01/1999 -ലെ 93/9-ആം നമ്പർ ഭരണസമിതി തീരുമാനപ്രകാരം യഥാക്രമം Junior Manager, Assistant, Cashier-cum-Junior Accountant, Receptionist-cum-Tetephone Operator, Attender എന്ന് പുനർനാമകരണം ചെയ്യുകയും ശമ്പള സ്കെയിൽ വർദ്ധിപ്പിച്ച് അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്നും 27.02.2001 -ലെ ഭരണസമിതി തീരുമാനപ്രകാരം ചില തസ്തികകൾ സൃഷ്ടിക്കുകയും, ചില തസ്തികകൾ പുനർനാമകരണം ചെയ്ത് പുതിയ ഗ്രേഡുകൾ നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് സർക്കാർ അംഗീകരിച്ച് കൊണ്ടുള്ള രേഖകൾ ലഭ്യമായിട്ടില്ലെന്നും കേരഫെഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സർക്കാർ അംഗീകാരമില്ലാതെ കേരഫെഡ് ഭരണസമിതി സ്വമേധയാ സൃഷ്ടിക്കുകയും പുനർനാമകരണം നൽകുകയും ചെയ്തിട്ടുള്ള തസ്തികകൾക്കും ശമ്പളസ്കെയിലുകൾ ഉയർത്തി നൽകിയിട്ടുള്ളതുമായ തസ്തികകൾക്കും സർക്കാർ സാധൂകരണം ലഭ്യമായ

ശേഷം മാത്രം പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

5) കേരഫെഡിന്റെ പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ട താഴെപ്പറയുന്ന തസ്തികകൾക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

| Sl No | Name of Post | Existing Scale of Pay | Revised Scale of Pay |
|---|---|---|---|
| 1 | Director | 85000-117600 | 118100-163400 |
| 2 | Manager | 55350-101400 | 77200-140500 |
| 3 | Deputy Manager | 45800-89000 | 63700-123700 |
| 4 | Assistant Manager | 40500-85000 | 56500-118100 |
| 5 | Assistant Executive Engineer | 40500-85000 | 56500-118100 |
| 6 | Shift-in-charge | 35700-75600 | 50200-105300 |
| 7 | Confidential Assistant Grade- I | 26500-56700 | 37400-79000 |
| 8 | Computer Programmer | 26500-56700 | 37400-79000 |
| 9 | Accountant | 25200-54000 | 35600-75400 |
| 10 | Analyst | 22200-48000 | 31100-66800 |
| 11 | Operator | 22200-48000 | 31100-66800 |
| 12 | Comp.Console Operator | 20000-45800 | 27900-63700 |
| 13 | C.A.Grade.II | 20000-45800 | 27900-63700 |
| 14 | Cashier | 18000-41500 | 25100-57900 |
| 15 | LDC | 18000-41500 | 25100-57900 |
| 16 | LD Typist | 18000-41500 | 25100-57900 |
| 17 | Driver | 18000-41500 | 25100-57900 |
| 18 | Electrician | 17500-39500 | 24400-55200 |

| | | | |
|---|---|---|---|
| 19 | Boiler Attendant | 17500-39500 | 24400-55200 |
| 20 | Welder | 17500-39500 | 24400-55200 |
| 21 | Fireman | 16500-35700 | 23000-50200 |
| 22 | Peon | 16500-35700 | 23000-50200 |
| 23 | Sweeper Part-time | 9340-14800 | 13000-21080 |
| 24 | Casual Technician | 17000-37500 | 23700-52600 |
| 25 | Casual Worker | 16500-35700 | 23000-50200 |

**നിബന്ധനകൾ**

1. ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി 01.07.2019 ആയിരിക്കും. അനുവദനീയമായിട്ടുള്ള അലവൻസുകളുടെ പ്രാബല്യത്തീയതി 01.03.2021 ആയിരിക്കും.
2. നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 -ലെ ക്ഷാമബത്ത പൂജ്യവുമായിരിക്കും. ക്ഷാമബത്ത നിരക്കുകൾ 10.02.2021 -ലെ സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരമായിരിക്കും.
3. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടേത് ഒഴികെയുള്ളവരുടെ ശമ്പളനിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിലെ അനക്സർ II പ്രകാരമായിരിക്കും. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളനിർണ്ണയം സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിലെ അനക്സർ VII പ്രകാരമായിരിക്കും.
4. വീട്ടുവാടക ബത്ത സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 12, 13, 14 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്.
5. 01/03/2021 മുതൽ CCA അനുവദനീയമല്ല. പ്രസ്തുത തീയതിക്ക് ശേഷവും CCA അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.
6. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡിന്റെ പ്രാബല്യത്തീയതി 01.04.2021 ആയിരിക്കും. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ അനക്സർ VI -ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
7. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 8-ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കേണ്ടതാണ്.
8. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രതിമാസം 1100 രൂപ സ്പെഷ്യൽ അലവൻസായി അനുവദിക്കാവുന്നതാണ്.

9. ശാരീരികമായോ മാനസികമായോ ഭിന്നശേഷിക്കാരായ, ജനറൽ സ്കൂളുകളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന, കുട്ടികളുടെ രക്ഷാകർത്താക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000 രൂപ വിദ്യാഭ്യാസ അലവൻസായി അനുവദിക്കാവുന്നതാണ്
10. മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകളോ മറ്റ് ആനുകൂല്യങ്ങളോ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
12. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്തുവാൻ പാടില്ല.
13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.
14. ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടികവർഗ്ഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.
15. ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എതെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
16. ശമ്പള പരിഷ്കരണത്തിനാവശ്യമായ അധിക സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഈയിനത്തിൽ സർക്കാർ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.
17. സർക്കാർ അനുമതിയില്ലാതെ ഇടക്കാല ആശ്വാസം അനുവദിച്ച് നൽകാൻ പാടുള്ളതല്ല. പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുൻപായി സർക്കാർ അനുമതിയില്ലാതെ ഇടക്കാല ആശ്വാസം അനുവദിച്ച് നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതും ഇടക്കാല ആശ്വാസം അനുവദിച്ച തുക ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും കിഴിക്കേണ്ടതുമാണ്. ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.
18. സർക്കാർ അനുമതിയില്ലാതെ ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കാൻ പാടുള്ളതല്ല. ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനിക്കുന്നതായിരിക്കും.
19. EPF ചട്ടങ്ങൾക്കനുസൃതമായ എംപ്ലോയർ വിഹിതം മാത്രമേ ടി സ്കീമുകളിൽ നിക്ഷേപിക്കാൻ പാടുള്ളൂ.
20. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിലുണ്ടാകുന്ന പാകപ്പിഴകൾക്ക് കേരഫെഡ് എം.ഡി ഉത്തരവാദിയായിരിക്കുന്നതാണ്.
21. കേരഫെഡിന്റെ ശമ്പളപരിഷ്കരണ ശുപാർശ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതും അംഗീകാരം ലഭിക്കുന്ന പക്ഷം കരട്

ശമ്പളപരിഷ്കരണ ഉത്തരവ് ധനവകുപ്പിന്റെ സൂക്ഷമപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

6. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച നിബന്ധനകൾക്ക് വിധേയമായി കേരഫെഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യ മന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1. കേരഫെഡിൽ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുവരെ അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാലാശ്വാസമായി അനുവദിച്ച (01.12.2021-ലെ 2559/എ.ഡി.എം-2/2021/കെ.എഫ്.ഡി/684 നമ്പർ നടപടിക്രമം പ്രകാരം) കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ (ഖണ്ഡിക 5 (5) നിബന്ധന 17) സാധൂകരിച്ച് നൽകാമോ?
2. ധനകാര്യവകുപ്പ് നിർദ്ദേശിച്ച ശമ്പളസ്കെയിലുകൾക്കും നിബന്ധനകൾക്കും അനുസൃതമായി കേരഫെഡിലെ ജീവനക്കാർക്ക് 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകാമോ?

79

# KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

An ISO Certified 9001:2015 Kerala Government Enterprise

KERAFED
കേരാഫെഡ്

## കേരാഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: കെ.സി.ജയകുമാർ)

വിഷയം : കേരാഫെഡ് - കേരള സർക്കാർ - 11-ാം ശമ്പളപരിഷ്ക്കരണം നടപ്പിൽ വരുന്നത് വരെ കേരാഫെഡ് ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം.2559/എ.ഡി.എം.-2/2021/കെ.എഫ്.ഡി/684 തീയതി : 01/12/2021

പരാമർശം :
(1) 10/02/2021-ലെ ജി.ഒ.(പി)നം.27/2021 നമ്പർ സർക്കാർ ഉത്തരവ്.
(2) 29/10/2021-ലെ ബഹു:കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
(3) 05/11/2021-ലെ 28-മത് കേരാഫെഡ് ഭരണസമിതി തീരുമാനം നം.28/4.
(4) 27/11/2021-ലെ 29-മത് കേരാഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം.29/13(1)..

## ഉത്തരവ്

പരാമർശം(1) പ്രകാരം, കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് 10/02/2021 തീയതിയിലെ ജി.ഒ(പി)നം.27/2021/ധന ഉത്തരവ് പ്രകാരം, 2019 ജൂലൈ പ്രാബല്യത്തിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിരുന്നു.

പരാമർശം(1) പ്രകാരമുള്ള ശമ്പളപരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച്, കേരാഫെഡിലെ എല്ലാ വിഭാഗം സ്ഥിരം ജീവനക്കാരും, രണ്ട് ഫാക്ടറികളിലെയും വിവിധ യൂണിയനുകളിൽപ്പെട്ട തൊഴിലാളികളും സംയുക്തമായി 05/10/2021 മുതൽ അനിശ്ചിതകാല പണിമുടക്ക് ആരംഭിക്കുകയുണ്ടായി.

തുടർന്ന്, തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി, 29/10/2021-ൽ ബഹു:കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 11-മത് ശമ്പളപരിഷ്ക്കരണം നടപ്പിൽ വരുന്നതുവരെ കേരാഫെഡിലെ ജീവനക്കാർക്ക് ഇടക്കാല ആശ്വാസത്തിന് അർഹത ഉണ്ടായിരിക്കുന്നതാണെന്നും ഇത് സംബന്ധമായ തീരുമാനം കേരാഫെഡ് ഡയറക്ടർ ബോർഡ് കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(4) തീരുമാനപ്രകാരം കേരാഫെഡ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാലാശ്വാസം മാർച്ച് 2021-ലെ ശമ്പളം മുതൽ അനുവദിക്കുന്നതിനും, ജൂലൈ 2019 മുതൽ ഫെബ്രുവരി 2021 വരെയുള്ള ഇടക്കാലാശ്വാസ കുടിശ്ശിക നൽകുന്നതിനായുള്ള സർക്കാർ അനുമതി ലഭിക്കുന്നതിനുവേണ്ട തുടർനടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ, സർക്കാർ പുറപ്പെടുവിച്ച 11-ാം ശമ്പള പരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കുന്നതുവരെ, ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാല ആശ്വാസമായി അനുവദിക്കുവാനും 2021 മാർച്ച് മുതലുള്ള കുടിശ്ശിക നൽകുന്നതിനും ഉത്തരവാകുന്നു.

ടി അനുവദിക്കുന്ന ഇടക്കാലാശ്വാസതുക, സർക്കാർ പുറപ്പെടുവിച്ച 11-ാം ശമ്പളപരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കുമ്പോൾ, ജീവനക്കാർക്ക് ലഭിക്കുന്ന തുകയിൽ നിന്നും കുറവ് ചെയ്യുന്നതുമായിരിക്കും.

മാനേജിംഗ് ഡയറക്ടർ

പകർപ്പ് :

1. പ്ലാന്റ് മാനേജർ(i/c) , കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ, കോഴിക്കോട്
2. പ്ലാന്റ് മാനേജർ(i/c) , കേരാഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി, കൊല്ലം.
3. റീജിയണൽ മാനേജർ(i/c), സൗത്ത്/സെൻട്രൽ/നോർത്ത് സോൺ
4. കേരാഫെഡ് ഹെഡ്ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. മാനേജിംഗ് ഡയറക്ടറുടെ പി.എ/ചെയർമാന്റെ സി.എ
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

H.O. : Kera Tower, Water Works Compound, Vellayambalam,Thiruvananthapuram - 695 033
EPABX : 2320504, Depts : 2321660, 2326209, 2321046, 2322736, Fax: 0471 2320000

**GOVERNMENT OF KERALA**
**(SHRI.PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No | AGRI-IFA1/228/2022-AGRI |
| 2 | Department | Agriculture (IFA) Department |
| 3 | Subject | Agriculture Department – Granting permission for implementing 11th Pay Revision to the employees of Kerafed– Reg. |
| 4 | Date of Chief Minister's order for placing before the Council | 22.06.2023 |
| 5 | (i) Does the case involve financial commitment/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | Yes<br><br>Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional Secretary who submitted the Draft Note | Smt. Jessy George |
| 8 | Name of the Principal Secretary who approved the Draft Note | Dr. B. Ashok |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 03.07.2023 |
| 10 | Name of Chief Secretary who approved the Draft Note | Dr. Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 09.07.2023 |
| 12 | Name of Minister who approved the Draft Note | Shri. P. Prasad |
| 13 | Date of approval of the Draft Note for the Council by the Minister | 11.07.2023 |
| 14 | Date of submission of fair copies | 11.07.2023 |
| 15 | Date of decision by the Council of Ministers | 12.07.2023 |
| 16 | Number and date of the G.O/letter communicating the decision. | G.O (Ms) No. 67/2023/AGRI dated, 24.07.2023. |

## Note for the Council of Ministers

This note deals with granting permission to implement 11th Pay Revision to the employees of Kerafed, an Apex Co-operative Federation.

2. Pay revision to the employees of Kerafed have been implementing in accordance with the pay revision orders issued for the State Government employees and teachers. In Kerafed, pay revisions have been implemented as per the Board's Resolution and got ratified by Government till 10th Pay Revision with effect from 01.07.2014. Eventhough strict instructions were given in each ratification order not to implement pay revision without prior approval of Government, it has not been complied with up to 10th Pay Revision.

3. Employees of Kerafed conducted an indefinite strike from 05.10.2021 against non implementation of 11th Pay Revision in Kerafed, which was already enjoyed by the State Government employees and teachers w.e.f 01.07.2019 as per G.O(P)No.27/2021/Fin dated 10.02.2021. During the meeting held by the Hon'ble Minister for Agriculture on 29.10.2021 with the Management and Union representatives of Kerafed to end up the strike, it has been decided to submit the proposal for ratification of the 10th Pay Revision immediately, and prepare proposal for seeking permission to implement 11th Pay Revision by the Management and to permit the Board of Directors to grant interim relief till 11th Pay Revision is implemented. As such, as per the Boards' Resolution, the Managing Director, Kerafed accorded sanction, vide Proceedings No.2559/A.D.M-2/2021/K.F.D/684 dated 01.12.2021, to release interim relief of 10% of Basic Pay, along with arrears w.e.f March, 2021, on the condition that the same will be deducted from the salary when 11th Pay Revision is implemented.

4. Government have ratified the implementation of 10th Pay Revision in Kerafed as per G.O(Ms)No.77/2022/AGRI dated 30.08.2022. Later, the

Managing Director, Kerafed, has submitted proposal for rectification of anomaly in the 10th Pay Revision and also for implementing 11th Pay Revision before the Government. Kerafed meets its salary benefits of employees from their own fund. During the financial years 2013-14 to 2021-22 (except 2016-17) the organisation gained profit. By implementing this pay revision, Kerafed expects an additional financial liability of Rs.13,65,704/- (Rupees Thirteen Lakh Sixty Five Thousand Seven Hundred and Four only) per month.

5. The Finance Department has offered the following remarks on the proposal submitted by Managing Director, Kerafed:

"കേരഫെഡിന്റെ ശമ്പള പരിഷ്കരണം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഭരണ വകുപ്പിനെ അറിയിക്കുന്നു.

1) 23.06.2008 -ലെ സ.ഉ (കൈ) നം.102/08/കൃഷി ഉത്തരവ് പ്രകാരം കേരഫെഡ് കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളിൽ ജോലി ചെയ്യുന്ന 20 കാഷ്വൽ ടെക്നിഷ്യൻമാരെയും 123 കാഷ്വൽ വർക്കർമാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 23.06.2008 -ലെ ഉത്തരവ് പ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാഷ്വൽ ടെക്നീഷ്യൻ, കാഷ്വൽ വർക്കർ എന്നീ തസ്തികകൾ യഥാക്രമം ടെക്നീഷ്യൻ, വർക്കർ എന്നിങ്ങനെ പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. കേരഫെഡിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് കൊണ്ടുള്ള 25.01.2020 -ലെ ഉത്തരവിൽ Casual Technician, Casual Worker എന്നീ തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പത്താം ശമ്പളപരിഷ്കരണം സാധൂകരിച്ച് നൽകിക്കൊണ്ടുള്ള ഉത്തരവിൻ പ്രകാരം ടി തസ്തികകൾക്ക് ശമ്പളസ്കെയിൽ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. 23.06.2008 -ലെ സ.ഉ (കൈ) നം.102/08/കൃഷി ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കപ്പെട്ട കാഷ്വൽ ടെക്നിഷ്യൻ, കാഷ്വൽ വർക്കർ എന്നീ തസ്തികകൾക്ക് 21.12.2020 -ലെ സ.ഉ. (കൈ) നം.96/2020/കൃഷി പ്രകാരം ഒൻപതാം ശമ്പളപരിഷ്കരണം അനുവദിച്ച്

നൽകിയിരുന്നു. ഒൻപതാം ശമ്പളപരിഷ്കരണത്തിന് ശേഷം കേരഫെഡിൽ തസ്തികകൾ നിർത്തലാക്കിയിട്ടില്ല എന്നതിനാൽ ടി തസ്തികകൾക്ക് പത്താം ശമ്പളപരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി തസ്തികകൾ യഥാക്രമം ടെക്നീഷ്യൻ, വർക്കർ എന്നിങ്ങനെ പുനർനാമകരണം ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ച് നൽകേണ്ടതില്ല എന്നറിയിക്കുന്നു.

2) കേരഫെഡിന്റെ പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ നിയമന ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള Junior Manager, Assistant, Personal Assistant എന്നീ തസ്തികകൾക്കും നിയമന ചട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത Receptionist cum Telephone Operator-1, Attender, Sweeper എന്നീ തസ്തികകൾക്കും കേരഫെഡ് എം.ഡി ശമ്പളപരിഷ്കരണം ആവശ്യപ്പെട്ടിട്ടുണ്ട്. ടി തസ്തികകൾ സൃഷ്ടിച്ച് നൽകിക്കൊണ്ടുള്ള ഉത്തരവുകളോ ടി തസ്തികകൾ സൃഷ്ടിച്ചപ്പോൾ സർക്കാർ അനുവദിച്ച ശമ്പളസ്കെയിലുകൾ സംബന്ധിച്ച വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രം ടി തസ്തികകൾക്ക് ശമ്പളപരിഷ്കരണം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

3) കേരഫെഡിന് പത്താം ശമ്പളപരിഷ്കരണം അനുവദിച്ചപ്പോൾ Manager, Accountant, Confidential Assistant Gr-II, Typist, Driver, Electrician, Boiler Attendant, Welder, Fireman, Casual Technician എന്നീ തസ്തികകൾക്ക് കുറഞ്ഞ ശമ്പളസ്കെയിലുകളാണ് അനുവദിച്ചതെന്നും ടി തസ്തികകൾക്ക് ഉയർന്ന ശമ്പളസ്കെയിലുകൾ അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ തസ്തികകൾക്ക് 21.12.2020 -ലെ സ.ഉ. (കൈ) നം.96/2020/കൃഷി പ്രകാരം അനുവദിച്ച് നൽകിയ ഒൻപതാം ശമ്പളസ്കെയിലുകൾക്ക് ആനുപാതികമായിട്ടുള്ള പത്താം ശമ്പളസ്കെയിലുകൾ തന്നെയാണ് 30.08.2022 -ലെ സ.ഉ (കൈ)

നം.77/2022/കൃഷി പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതെന്നതിനാൽ മേൽ തസ്തികകളുടെ ശമ്പളസ്കെയിലുകൾ സംബന്ധിച്ച് അനോമലിയൊന്നും തന്നെയില്ല. ആയതിനാൽ ടി തസ്തികകളുടെ പത്താം ശമ്പളസ്കെയിലുകൾ ഉയർത്തി നൽകേണ്ടതില്ല.

4) കേരഫെഡിന്റെ സുഗമവും കാര്യക്ഷമവും ആയ പ്രവർത്തനങ്ങൾക്ക വേണ്ടി നിലവിലുള്ള Office Manager, Lower Division Clerk, Cashier, Receplionist-cum-Telephone Operator എന്നീ തസ്തികകൾ 07/01/1999 -ലെ 93/9-ആം നമ്പർ ഭരണസമിതി തീരുമാനപ്രകാരം യഥാക്രമം Junior Manager, Assistant, Cashier-cum-Junior Accountant, Receptionist-cum-Tetephone Operator, Attender എന്ന് പുനർനാമകരണം ചെയ്യുകയും ശമ്പള സ്കെയിൽ വർദ്ധിപ്പിച്ച് അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്നും 27.02.2001 -ലെ ഭരണസമിതി തീരുമാനപ്രകാരം ചില തസ്തികകൾ സൃഷ്ടിക്കുകയും, ചില തസ്തികകൾ പുനർനാമകരണം ചെയ്ത് പുതിയ ഗ്രേഡുകൾ നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് സർക്കാർ അംഗീകരിച്ച് കൊണ്ടുള്ള രേഖകൾ ലഭ്യമായിട്ടില്ലെന്നും കേരഫെഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിതിരിക്കുന്നു. സർക്കാർ അംഗീകാരമില്ലാതെ കേരഫെഡ് ഭരണസമിതി സ്വമേധയാ സൃഷ്ടിക്കുകയും പുനർനാമകരണം നൽകുകയും ചെയ്തിട്ടുള്ള തസ്തികകൾക്കും ശമ്പളസ്കെയിലുകൾ ഉയർത്തി നൽകിയിട്ടുള്ളതുമായ തസ്തികകൾക്കും സർക്കാർ സാധൂകരണം ലഭ്യമായ ശേഷം മാത്രം പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

5) കേരഫെഡിന്റെ പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ട താഴെപ്പറയുന്ന തസ്തികകൾക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

| Sl No | Name of Post | Existing Scale of Pay | Revised Scale of Pay |
|---|---|---|---|
| 1 | Director | 85000-117600 | 118100-163400 |
| 2 | Manager | 55350-101400 | 77200-140500 |
| 3 | Deputy Manager | 45800-89000 | 63700-123700 |
| 4 | Assistant Manager | 40500-85000 | 56500-118100 |
| 5 | Assistant Executive Engineer | 40500-85000 | 56500-118100 |
| 6 | Shift-in-charge | 35700-75600 | 50200-105300 |
| 7 | Confidential Assistant Grade- I | 26500-56700 | 37400-79000 |
| 8 | Computer Programmer | 26500-56700 | 37400-79000 |
| 9 | Accountant | 25200-54000 | 35600-75400 |
| 10 | Analyst | 22200-48000 | 31100-66800 |
| 11 | Operator | 22200-48000 | 31100-66800 |
| 12 | Comp. Console Operator | 20000-45800 | 27900-63700 |
| 13 | C.A.Grade.II | 20000-45800 | 27900-63700 |
| 14 | Cashier | 18000-41500 | 25100-57900 |
| 15 | LDC | 18000-41500 | 25100-57900 |
| 16 | LD Typist | 18000-41500 | 25100-57900 |
| 17 | Driver | 18000-41500 | 25100-57900 |
| 18 | Electrician | 17500-39500 | 24400-55200 |
| 19 | Boiler Attendant | 17500-39500 | 24400-55200 |
| 20 | Welder | 17500-39500 | 24400-55200 |
| 21 | Fireman | 16500-35700 | 23000-50200 |

| | | | |
|---|---|---|---|
| 22 | Peon | 16500-35700 | 23000-50200 |
| 23 | Sweeper Part-time | 9340-14800 | 13000-21080 |
| 24 | Casual Technician | 17000-37500 | 23700-52600 |
| 25 | Casual Worker | 16500-35700 | 23000-50200 |

## നിബന്ധനകൾ

1. ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി 01.07.2019 ആയിരിക്കും. അനുവദനീയമായിട്ടുള്ള അലവൻസുകളുടെ പ്രാബല്യത്തീയതി 01.03.2021 ആയിരിക്കും.
2. നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 -ലെ ക്ഷാമബത്ത പൂജ്യവുമായിരിക്കും. ക്ഷാമബത്ത നിരക്കുകൾ 10.02.2021 -ലെ സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരമായിരിക്കും.
3. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടേത് ഒഴികെയുള്ളവരുടെ ശമ്പളനിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിലെ അനക്സർ II പ്രകാരമായിരിക്കും. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളനിർണ്ണയം സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിലെ അനക്സർ VII പ്രകാരമായിരിക്കും.
4. വീട്ടുവാടക ബത്ത സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 12, 13, 14 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്.
5. 01/03/2021 മുതൽ CCA അനുവദനീയമല്ല. പ്രസ്തുത തീയതിക്ക് ശേഷവും CCA അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.
6. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡിന്റെ പ്രാബല്യത്തീയതി 01.04.2021 ആയിരിക്കും. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് സ.ഉ

(അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ അനക്സ്ചർ VI –ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

7. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് സ.ഉ (അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 8–ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കേണ്ടതാണ്.
8. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രതിമാസം 1100 രൂപ സ്പെഷ്യൽ അലവൻസായി അനുവദിക്കാവുന്നതാണ്.
9. ശാരീരികമായോ മാനസികമായോ ഭിന്നശേഷിക്കാരായ, ജനറൽ സ്കൂളുകളിലോ സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന, കുട്ടികളുടെ രക്ഷാകർത്താക്കളായ ജീവനക്കാർക്ക് പ്രതിമാസം 1000 രൂപ വിദ്യാഭ്യാസ അലവൻസായി അനുവദിക്കാവുന്നതാണ്
10. മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകളോ മറ്റ് ആനുകൂല്യങ്ങളോ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
12. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്തുവാൻ പാടില്ല.
13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.
14. ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടികവർഗ്ഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

15. ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എതെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
16. ശമ്പള പരിഷ്കരണത്തിനാവശ്യമായ അധിക സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഈയിനത്തിൽ സർക്കാർ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.
17. സർക്കാർ അനുമതിയില്ലാതെ ഇടക്കാല ആശ്വാസം അനുവദിച്ച് നൽകാൻ പാടുള്ളതല്ല. പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് മുൻപായി സർക്കാർ അനുമതിയില്ലാതെ ഇടക്കാല ആശ്വാസം അനുവദിച്ച് നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതും ഇടക്കാല ആശ്വാസം അനുവദിച്ച തുക ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും കിഴിക്കേണ്ടതുമാണ്. ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.
18. സർക്കാർ അനുമതിയില്ലാതെ ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കാൻ പാടുള്ളതല്ല. ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനിക്കുന്നതായിരിക്കും.
19. EPF ചട്ടങ്ങൾക്കനുസൃതമായ എംപ്ലോയർ വിഹിതം മാത്രമേ ടി സ്കീമുകളിൽ നിക്ഷേപിക്കാൻ പാടുള്ളൂ.
20. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിലുണ്ടാകുന്ന പാകപ്പിഴകൾക്ക് കേരഫെഡ് എം.ഡി ഉത്തരവാദിയായിരിക്കുന്നതാണ്.
21. കേരഫെഡിന്റെ ശമ്പളപരിഷ്കരണ ശുപാർശ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതും അംഗീകാരം ലഭിക്കുന്ന പക്ഷം കരട് ശമ്പളപരിഷ്കരണ ഉത്തരവ് ധനവകുപ്പിന്റെ സൂക്ഷമപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

6. The Hon'ble Chief Minister has ordered to place the matter of implementing 11th Pay Revision to the employees of Kerafed in accordance with the conditions prescribed by the Finance Department before the Cabinet.

**POINTS FOR DECISION**

1. Whether the action of the Managing Director, Kerafed in having granted 10% of Basic Pay as interim relief till the implementation of 11th Pay Revision (vide Proceedings No.2559/A.D.M-2/2021/ K.F.D/684 dated 01.12.2021) may be ratified as per the remarks of Finance Department at (para 5 (5) condition No.17).
2. Whether permission may be granted to implement 11th Pay Revision in Kerafed w.e.f 01.07.2019 subject to the pay scales and other conditions specified by the Finance Department.

KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370
An ISO Certified 9001:2015 Kerala Government Enterprise
KERAFED
കേരാഫെഡ്

## കേരാഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: കെ.സി.ജയകുമാർ)

വിഷയം : കേരാഫെഡ് – കേരള സർക്കാർ – 11-ാം ശമ്പളപരിഷ്ക്കരണം നടപ്പിൽ വരുന്നത് വരെ കേരാഫെഡ് ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം.2559/എ.ഡി.എം.-2/2021/കെ.എഫ്.ഡി/684 തീയതി : 01/12/2021

പരാമർശം :
(1) 10/02/2021-ലെ ജി.ഒ.(പി)നം.27/2021 നമ്പർ സർക്കാർ ഉത്തരവ്.
(2) 29/10/2021-ലെ ബഹു:കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
(3) 05/11/2021-ലെ 28-മത് കേരാഫെഡ് ഭരണസമിതി തീരുമാനം നം.28/4.
(4) 27/11/2021-ലെ 29-മത് കേരാഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം.29/13(1)..

## ഉത്തരവ്

പരാമർശം(1) പ്രകാരം, കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് 10/02/2021 തീയതിയിലെ ജി.ഒ(പി)നം.27/2021/ധന ഉത്തരവ് പ്രകാരം, 2019 ജൂലൈ പ്രാബല്യത്തിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിരുന്നു.

പരാമർശം(1) പ്രകാരമുള്ള ശമ്പളപരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച്, കേരാഫെഡിലെ എല്ലാ വിഭാഗം സ്ഥിരം ജീവനക്കാരും, രണ്ട് ഫാക്ടറികളിലേയും വിവിധ യൂണിയനുകളിൽപ്പെട്ട തൊഴിലാളികളും സംയുക്തമായി 05/10/2021 മുതൽ അനിശ്ചിതകാല പണിമുടക്ക് ആരംഭിക്കുകയുണ്ടായി.

തുടർന്ന്, തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി, 29/10/2021-ൽ ബഹു:കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 11-മത് ശമ്പളപരിഷ്ക്കരണം നടപ്പിൽ വരുന്നതുവരെ കേരാഫെഡിലെ ജീവനക്കാർക്ക് ഇടക്കാല ആശ്വാസത്തിന് അർഹത ഉണ്ടായിരിക്കുന്നതാണെന്നും ഇത് സംബന്ധമായ തീരുമാനം കേരാഫെഡ് ഡയറക്ടർ ബോർഡ് കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(4) തീരുമാനപ്രകാരം കേരാഫെഡ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാലാശ്വാസം മാർച്ച് 2021-ലെ ശമ്പളം മുതൽ അനുവദിക്കുന്നതിനും, ജൂലൈ 2019 മുതൽ ഫെബ്രുവരി 2021 വരെയുള്ള ഇടക്കാലാശ്വാസ കുടിശ്ശിക നൽകുന്നതിനായുള്ള സർക്കാർ അനുമതി ലഭിക്കുന്നതിനുവേണ്ട തുടർനടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ, സർക്കാർ പുറപ്പെടുവിച്ച 11-ാം ശമ്പള പരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കുന്നതുവരെ, ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 10% ഇടക്കാല ആശ്വാസമായി അനുവദിക്കുവാനും 2021 മാർച്ച് മുതലുള്ള കുടിശ്ശിക നൽകുന്നതിനും ഉത്തരവാകുന്നു.

ടി അനുവദിക്കുന്ന ഇടക്കാലാശ്വാസതുക, സർക്കാർ പുറപ്പെടുവിച്ച 11-ാം ശമ്പളപരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കുമ്പോൾ, ജീവനക്കാർക്ക് ലഭിക്കുന്ന തുകയിൽ നിന്നും കുറവ് ചെയ്യുന്നതുമായിരിക്കും.

മാനേജിങ് ഡയറക്ടർ

പകർപ്പ് :
1. പ്ലാന്റ് മാനേജർ(i/c) , കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ, കോഴിക്കോട്
2. പ്ലാന്റ് മാനേജർ(i/c) , കേരാഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി, കൊല്ലം.
3. റീജിയണൽ മാനേജർ(i/c), സൗത്ത്/സെൻട്രൽ/നോർത്ത് സോൺ
4. കേരാഫെഡ് ഹെഡാഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. മാനേജിംഗ് ഡയറക്ടറുടെ പി.എ/ചെയർമാന്റെ സി.എ
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

H.O. : Kera Tower, Water Works Compound, Vellayambalam, Thiruvananthapuram - 695 033
EPABX : 2320504, Depts : 2321660, 2326209, 2321046, 2322736, Fax: 0471-2320[illegible]